നം: എ4/102/11/റ്റിബിഒ.

പാഠപുസ്തക ആഫീസറുടെ കാര്യാലയം,
പത്മവിലാസം, ഫോർട്ട്, തിരുവനന്തപുരം,
തീയതി: 7/6/2011.

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം-പാഠപുസ്തക വിതരണം 2011-12 - ഇനിയും കിട്ടാനുള്ള പുസ്തകങ്ങൾ സംബന്ധിച്ച്.

സൂചന:- ഈ വിഷയത്തിൽ 2.6.11-ന് നൽകിയ ഇ-മെയിൽ സന്ദേശം.

.........

സൂചനയിലെ സന്ദേശത്തിലൂടെ ഈ അദ്ധ്യയന വർഷത്തിൽ ഇനിയും ലഭിക്കാനുള്ള പാഠപുസ്തകങ്ങളുടെ എണ്ണം സ്കൂൾ സൊസൈറ്റികൾ ഇ-മെയിലായി അറിയിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതോടനുബന്ധിച്ച് ചുവടെപ്പറയും പ്രകാരമുള്ള അടിയന്തിര നടപടികൾ കൂടി കൈക്കൊള്ളേണ്ടതാണ്.

1. വിദ്യാഭ്യാസ ആഫീസർമാർ തങ്ങളുടെ അധികാര പരിധിയിൽപ്പെടുന്ന സ്കൂൾ സൊസൈറ്റികളുമായി ബന്ധപ്പെട്ട് പാഠപുസ്തക വിതരണത്തിൽ ഇതുവരെയുണ്ടായ പുരോഗതികൾ വിലയിരുത്തണം.
2. ഓൺലൈൻ ഇൻഡന്റ് നൽകിയ എല്ലാ ഇനം പാഠപുസ്തകങ്ങളും നിശ്ചിത എണ്ണം ലഭിച്ചു എന്ന് ഉറപ്പു വരുത്തണം.
3. ഓർഡർ ചെയ്തതിൽ എതെങ്കിലും സ്റ്റാൻഡേർഡിലെ ഏതെങ്കിലും ഇനം പുസ്തകങ്ങൾ ഇനി ലഭിക്കാനുണ്ടെങ്കിൽ അക്കാര്യം ഇതോടൊപ്പമുള്ള പ്രൊഫോർമയിലെ 6-ാം കോളത്തിൽ റിപ്പോർട്ട് ചെയ്യണം (സൊസൈറ്റികളാണ് റിപ്പോർട്ട് ചെയ്യേണ്ടത്. ക്ലബ്ബ് ചെയ്ത സ്കൂളുകൾ പ്രത്യേകം റിപ്പോർട്ട് ചെയ്യേണ്ടതില്ല).
4. ഓർഡർ ചെയ്തതിലെ പിഴവു മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ ഏതെങ്കിലും പുസ്തകങ്ങൾ ഇനി അധികമായി ആവശ്യമുണ്ടെങ്കിൽ അക്കാര്യം പ്രൊഫോർമയിലെ 7-ാം കോളത്തിൽ റിപ്പോർട്ട് ചെയ്യണം.
5. പേജുകൾ മാറിപ്പോയതോ മറ്റെന്തെങ്കിലും തരത്തിൽ ഉപയോഗ യോഗ്യമല്ലാത്തതതോ ആയ പുസ്തകങ്ങൾ കിട്ടിയിട്ടുണ്ടെങ്കിൽ അക്കാര്യം damaged books എന്ന സബ്ജക്ടിൽ പ്രത്യേക ഇ-മെയിലായി അറിയിക്കണം.

ഈ വർഷത്തെ പാഠപുസ്തക വിതരണം സുഗമമായും സമയ ബന്ധിതമായും പൂർത്തിയാക്കുന്നതിനായി വിദ്യാഭ്യാസ ആഫീസർമാർ ബന്ധപ്പെട്ട സ്കൂൾ സൊസൈറ്റികളുമായി നിരന്തര സമ്പർക്കം പുലർത്തണം. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ഹൈസ്കൂളുകളുടെ കാര്യത്തിൽ ഇടപെടാതെ മാറി നിൽക്കേണ്ടതില്ല. തങ്ങളുടെ അധികാര പരിധിയിൽ പെടുന്ന (പ്രദേശത്തെ) എല്ലാ ഗവ/എയിഡഡ് സൊസൈറ്റികളുമായും ബന്ധപ്പെട്ടുകൊണ്ടിരിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും വേണം. ഇക്കാര്യത്തിലുണ്ടാകുന്ന ഏതു സംശയ ദൂരീകരണത്തിനും തൃക്കാക്കരയിലെ കെ.ബി.പി.എസ്സുമായും ഈ ആഫീസുമായും ഫോണിൽ ബന്ധപ്പെടാവുന്നതാണ്.

**ഇ-മെയിൽ വിലാസം**

kbpskochi@gmail.com

tbotvm@gmail.com

**ഫോൺ നമ്പരുകൾ**

| | | |
|---|---|---|
| കെ.ബി.പി.എസ്. | - | 0484 2422157 |
| | | 0484 2422343 |
| ടെക്സ്റ്റുബുക്ക് ആഫീസ് | - | 0471 2450027 |

**ശ്രദ്ധിക്കുക**

**ഇനിയും കിട്ടാനുള്ള പുസ്തകങ്ങൾ സംബന്ധിച്ച് നിശ്ചിത പ്രൊഫോർമയിലുള്ള മെയിലുകൾ 9.6.11-ന് വൈകിട്ട് 5 മണിക്കു മുമ്പായി അയച്ചിരിക്കണം. ഇതിനായി ഇനിയൊരവസരം നൽകുന്നതല്ല.**

**കിട്ടാനുള്ള പുസ്തകങ്ങൾ ഇതിനകം ഇ-മെയിലായി മുകളിൽ കാണിച്ച വിലാസങ്ങളിൽ അറിയിപ്പ് നൽകിയവർ വീണ്ടും മെയിൽ അയക്കേണ്ടതില്ല.**

പാഠപുസ്തക ആഫീസർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ,
ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ,
ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരുടെ അറിവിലേക്കായി.
(ഈ സർക്കുലറിന്റെയും പ്രൊഫോർമയുടേയും കോപ്പികൾ എല്ലാ ഗവ./എയിഡഡ് സ്കൂൾ സൊസൈറ്റികൾക്കും അടിയന്തിരമായി അയച്ചു കൊടുക്കേണ്ടതാണ്.)